# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏലൂർ നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ശുചീകരണ തൊഴിലാളികളായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.മല്ലിക, ശ്രീ.സജി.സി.ജി എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം..2646/2019 മേലുള്ള ബഹു.ഹൈക്കോടതിയുടെ 12/02/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2062/2019/തസ്വഭവ — തീയതി, തിരുവനന്തപുരം :24/09/2019

പരാമർശം :
1) 03/11/2006 തീയതിയിലെ സ.ഉ.(സാധാ) നം.2748/2006/തസ്വഭവ.
2) 05/08/2016 തീയതിയിലെ സ.ഉ.(എം.എസ്) നം.109/2016/തസ്വഭവ (എക്സിബിറ്റ്-പി5)
3) ഏലൂർ നഗരസഭാ കൗൺസിലിന്റെ 28/09/2018 തീയതിയിലെ 10-ാം നമ്പർ തീരുമാനം (എക്സിബിറ്റ്-പി7)
4) ഏലൂർ നഗരസഭാ സെക്രട്ടറിയുടെ 24/11/2018 തീയതിയിലെ എച്ച്1-7444/2017 നമ്പർ കത്ത് (എക്സിബിറ്റ്-പി8)
5) ഡബ്ല്യുപി(സി) നം..2646/2019 മേലുള്ള ബഹു.ഹൈക്കോടതിയുടെ 12/02/2019 തീയതിയിലെ വിധിന്യായം.
6) നഗരകാര്യ ഡയറക്ടറുടെ 21/03/2019 തീയതിയിലെ ഇ 2-2506/2019 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം (2) പ്രകാരം പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ കണ്ടിജന്റ് വിഭാഗത്തിൽ 23 കണ്ടിജന്റ് തസ്തികകൾ സൃഷ്ടിച്ചതുപോലെ ഏലൂർ നഗരസഭയിലും കണ്ടിജന്റ് വിഭാഗത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ടി വിഭാഗത്തിൽ തങ്ങളെ സ്ഥിരപ്പെടുത്തുന്നതിനും എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ ഏലൂർ നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ശുചീകരണ തൊഴിലാളികളായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.മല്ലിക, ശ്രീ.സജി.സി.ജി എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം..2646/2019 മേലുള്ള പരാമർശം (5) പ്രകാരമുള്ള വിധിന്യായത്തിൽ, പ്രസ്തുത വിഷയം സംബന്ധിച്ചുള്ള വിശദാംശങ്ങൾ മൂന്നാം എതിർകക്ഷിയായ ഏലൂർ നഗരസഭ രണ്ടാം എതിർകക്ഷിയ്ക്ക് ലഭ്യമാക്കണമെന്നും, രണ്ടാം എതിർകക്ഷി ടി വിശദാംശങ്ങൾ മേൽ വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായി രണ്ടാഴ്ച്ചക്കം ഒന്നാം എതിർകക്ഷിയായ സർക്കാരിന് ലഭ്യമാക്കണമെന്നും, ആയത് ലഭ്യമായി മൂന്നാഴ്ച്ചക്കകം പരാമർശം (4) പ്രകാരമുള്ള ഏലൂർ നഗരസഭാ സെക്രട്ടറിയുടെ കത്തിന്റെയും പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഏലൂർ നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഉചിതമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു.ഹൈക്കോടതി

നിർദ്ദേശിച്ചിരുന്നു.

2) ഏലൂർ നഗരസഭയുടെ വിസ്തീർണ്ണം 11.21 ച.കി.മീ ആണെന്നും, നഗരസഭയിൽ പ്രതിദിനം 250 കി.ഗ്രാം മാലിന്യം കൈകാര്യം ചെയ്യേണ്ടിവരുന്നുവെന്നും, നിലവിൽ കണ്ടിജന്റ് വിഭാഗത്തിൽ 6 സ്ഥിരം തസ്തികകൾ മാത്രമാണുള്ളതെന്നും, അധിക തസ്തിക സൃഷ്ടിക്കുന്നത് വഴി നഗരസഭയ്ക്ക് ഒരു തസ്തികയ്ക്ക് ഒരു വർഷം ശമ്പള ഇനത്തിൽ 2,52,000/- രൂപയും മറ്റിനത്തിൽ 25,000/- രൂപയും ഉൾപ്പെടെ ആകെ 2,77,000/- രൂപ ചെലവുവരുന്നതാണെന്നും, ടി കേസിൽ രണ്ടു ഹർജിക്കാരാണ് ഉള്ളതെന്നും, അപ്രകാരം ടി രണ്ടുപേർക്ക് 5,54,000/- രൂപ ഒരു വർഷം ശമ്പള ഇനത്തിൽ ചെലവ് വരുന്നതാണെന്നും, അപ്രകാരം 13 തസ്തികകൾക്ക് നഗരസഭയ്ക്ക് 36,01,000/- രൂപ അധിക ബാദ്ധ്യത വരുന്നതാണെന്നും, ടി വിധിന്യായത്തിൽ 17 തസ്തികകൾ പരാമർശിച്ചിരിക്കുന്നുവെന്നും, അപ്രകാരം 17 തസ്തികകൾക്ക് നഗരസഭയ്ക്ക് 47,09,000/- രൂപ അധിക ബാദ്ധ്യത വരുന്നതാണെന്നും, ആയതിനാൽ ടി വിഷയത്തിൽ നഗരസഭാ കൗൺസിൽ തീരുമാനം പരിഗണിച്ച് ഏലൂർ നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ അധിക തസ്തികകൾ അനുവദിക്കാവുന്നതാണെന്നും പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തു.

3) "പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ 23 കണ്ടിജന്റ് തസ്തികകൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഏലൂർ നഗരസഭയിലും 23 തസ്തികകൾ ആവശ്യപ്പെട്ടുകൊണ്ട് ബഹു.സർക്കാരിലേയ്ക്ക് കൗൺസിൽ തീരുമാനസഹിതം ശേഷം വീണ്ടും കത്ത് നൽകുവാൻ തീരുമാനിച്ചു" എന്ന പരാമർശം (3) പ്രകാരമുള്ള ഏലൂർ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള എക്സിബിറ്റ്-പി5 എന്നത് 2015 ൽ പുതുതായി രൂപീകരിക്കപ്പെട്ട 28 നഗരസഭകളിൽ കണ്ടിജന്റ് വിഭാഗത്തിൽ 23 കണ്ടിജന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവാണ്. ഈ ഉത്തരവ് 2010 ൽ രൂപീകരിക്കപ്പെട്ട ഏലൂർ നഗരസഭയ്ക്ക് ബാധകമല്ല.

4) സംസ്ഥാനത്തെ നഗരസഭകൾക്ക് ശുചീകരണ പ്രവർത്തനങ്ങൾക്ക് അവയുടെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ കാര്യക്ഷമമായ സേവനം തികയാതെ വരികയാണെങ്കിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ സേവനം തേടാവുന്നതാണെന്നും, കുടുംബശ്രീയുടെ സേവനവും പര്യാപ്തമാവാത്ത അനിവാര്യഘട്ടങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്ത കണ്ടിജന്റ് ജീവനക്കാരെ ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണെന്നും പരാമർശം (1) പ്രകാരം എല്ലാ നഗരസഭകൾക്കും നഗരകാര്യ ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം (എക്സിബിറ്റ്-പി5) പുതുതായി

രൂപീകരിക്കപ്പെട്ട നഗരസഭകളിൽ കണ്ടിജന്റ് വിഭാഗത്തിൽ അനുവദിച്ചതുപോലെ ഏലൂർ നഗരസഭയിലും 23 കണ്ടിജന്റ് തസ്തികകൾ (2010 ൽ നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള 6 തസ്തികകൾക്ക് പുറമെ 17 കണ്ടിജന്റ് തസ്തികകൾ) അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഏലൂർ നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്കയച്ച പരാമർശം (4) പ്രകാരമുള്ള കത്തിലെ ആവശ്യം (എക്സിബിറ്റ് - പി8) നിരസിച്ച് ഉത്തരവാകുന്നു.

6) പരാമർശം (5) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.എസ്.കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഏലൂർ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ